"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പിലെ യു . ഡി ടൈപ്പിസ്റ്റായ ശ്രീമതി സൗമ്യമോൾ പി . എസ്- നിയമനത്തിനായി കാത്തുനിന്ന കാലയളവ് ക്രമവത്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.654/2021/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 04/03/2021

പരാമർശം:- 1. മുഖ്യനഗരാസൂത്രകന്റെ 04.12.2018 തീയതിയിലെ A2-6205/2018(2) നമ്പർ കത്ത്.

2. 03.10.2015തീയതിയിലെ സ.ഉ.(സാധാ) നം.1366/2015/തൊഴിൽ.

ഉത്തരവ്

1.നഗരഗ്രാമാസൂത്രണ വകുപ്പിലെ യു ഡി ടൈപ്പിസ്റ്റായ ശ്രീമതി സൗമ്യമോൾ പി . എസിനെ പരാമർശം 1 ലെ ഉത്തരവ് പ്രകാരം വയനാട് കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുകയും തുടർന്ന് രണ്ട് തവണയായി ടിയാളുടെ അന്യത്രസേവനം 06.10.2018 വരെ കാലാവധി ദീർഘിപ്പിക്കുകയും ചെയ്തിരുന്നു.07.10.2018 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി അന്യത്ര സേവനം ദീർഘിപ്പിച്ച് നൽകണമെന്ന് ശ്രീമതി സൗമ്യമോൾ പി എസ് സർക്കാരിലേയ്ക്ക് സമർപ്പിച്ച അപേക്ഷ നിരസിക്കുകയുണ്ടായി. ആയതിനെതുടർന്ന് ടിയാൾ 22.11.2018-ൽ ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യുകയും യു . ഡി ടൈപ്പിസ്റ്റ് തസ്തികയിൽ ഒഴിവു ഇല്ലാത്തതിനാൽ 05.02.2019 വരെ നിയമനത്തിനായി കാത്തിരിക്കുകയും ചെയ്തിരുന്നു. നിയമനത്തിനായി കാത്തുനിന്ന കാലയളവ് ക്രമവത്ക്കരിച്ച് നല്കണമെന്ന് പരാമർശം ഒന്ന് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗര ഗ്രാമാസൂത്രണ വകുപ്പിൽ യു ഡി ടൈപ്പിസ്റ്റായ ശ്രീമതി സൗമ്യമോൾ പി . എസി വയനാട് കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിലെ അന്യത്ര സേവനം അവസാനിപ്പിച്ച് മാതൃവകുപ്പിൽ നിയമനത്തിനായി കാത്തു നിന്ന 22.11.2018 മുതൽ 25.01.2019 വരെയുള്ള കാലയളവ് ഒഴിവിന്റെ അഭാവത്തിൽ അർഹതപ്പെട്ട അവധിയായും 26.01.2019 മുതൽ 05.02.2019 വരെയുള്ള കാലയളവ് കെ.എസ്.ആർ. ഭാഗം ഒന്ന് ചട്ടം 12(7) ന് താഴെയുള്ള കുറിപ്പ് (4) പ്രകാരം ഡ്യൂട്ടിയായും ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Validity unknown

Digitally signed by JOHN V SAMUEL
Date: 2021.03.04 14:42:11 IST
Reason: Approved

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജോൺ വി സാമുവൽ ഐ എ എസ്**

**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

ഖ്യനഗരാസൂത്രകൻ തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

ശ്രീമതി സൗമ്യമോൾ പി . എസ് , യു . ഡി ടൈപ്പിസ്റ്റ്,(മുഖ്യനഗരാസൂത്രകൻ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/294/2018-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ